Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2026/1515-13(1) (4) തീയതി : 28.03.2026

## സർക്കുലർ

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - ലാപ്ടോപ്പുകളുടെ AMC - അവസാനിക്കുന്നത് സംബന്ധിച്ച്.**

സൂചന:- 1. സ.ഉ.(സാധാ) നം. 165/2018 പൊ.വി.വ. തീയതി 10.01.2018.

2. ഈ ഓഫീസിലെ 16.06.2025 ലെ KITE/2025/1515-13 (7) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ വിതരണം ചെയ്ത ലാപ്ടോപ്പുകൾക്ക് 2026 ജൂൺ 15 വരെ AMC സംവിധാനം സൂചന 2 പ്രകാരം കൈറ്റ് ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഏപ്രിൽ-മെയ് മാസങ്ങളിൽ സ്കൂളിൽ പഠനപ്രവർത്തനങ്ങൾ കുറവായതിനാലും കുട്ടികൾ നേരിട്ട് സ്കൂളിൽ മുഴുവൻ പ്രവർത്തി ദിവസവും ഇല്ലാത്തതിനാലും ഉപകരണങ്ങളുടെ പരാതി കാര്യമായി രജിസ്റ്റർ ചെയ്യുന്നില്ല. ഈ സാഹചര്യത്തിൽ ലാപ്ടോപ്പുകളുടെ AMC പരിരക്ഷ 31.03.2026 വരെ ലഭ്യമാകും.

എന്നാൽ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബിലേക്ക് 2023 ൽ വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ 5 വർഷ വാറണ്ടി 2028 ജനുവരി മാസം വരെ നിലവിലുണ്ട്. പ്രസ്തുത വാറണ്ടി സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ വിഭാഗം പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ ആർഡിഡി/എഡി മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും
സ്റ്റോക്ക് ഫയൽ